# POLICE DEPARTMENT

**KERALA**

**No. CA-57402/2016/G**
District Police Office,
Kasargod
spksgd.pol@kerala.gov.in
04994255461
Dated. 01-10-2016

**<u>നിർദേശ പത്രിക</u>**

പോലീസ് വകുപ്പിൽ ജോലി ചെയ്യുന്നവരിൽ, ചെറുപ്പക്കാരായ പോലീസ് ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ പ്രത്യേകിച്ച ട്രാഫിക്ക്, പിക്കറ്റ് പോസ്റ്റ്, പ്രതി എസ്കോർട്ട്, ഓഫീസിലെ സ്റ്റാഫ് മുതലയവർ ഏത് സമയവും മൊബൈൽ ഫോണുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു ജനങ്ങളുടെ ഇടയിൽ വ്യാപകമായ എതിർപ്പും അവമതിപ്പും ഉണ്ടാകുന്നതായും, കൂടാതെ, ഇത് സംബന്ധിച്ച പരാതികളും ലഭിക്കുന്നുണ്ട്. ആയതിനാൽ താഴെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- ഡിവൈഎസ്പി മാർ, പോലീസ് ഇൻസ്പെക്ടർമാർ എന്നിവർ surprise visit നടത്തി ഇത്തരത്തിൽ ഏർപ്പെടുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതിലേക്കായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- CUG ഫോണുകൾ ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടിക്ക് ശുപാർശ ചെയ്യേണ്ടതുമാകുന്നു.
- ഒരു തരത്തിലും ഡ്യൂട്ടി സമയങ്ങളിൽ ഫോണോ/ലാപ്/ടാബ് മുതലായവയിൻമേൽ കളിച്ച സമയം കളയുന്ന ഏർപ്പാടുകൾ അടിയന്തിരമായി നിർത്തേണ്ടതാണ്.
- അത്യാവശ്യമായതും, ഡ്യൂട്ടി സംബന്ധവുമായ കോളുകൾ മാത്രമേ ഡ്യൂട്ടിയിൽ ഉള്ളവർ എടുക്കുവാൻ പാടുള്ളൂ.

മുകളിൽ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, പോലീസിന്റെ അന്തസ്സ് പൊതുജനങ്ങളുടെ ഇടയിൽ നില നിർത്തേണ്ടതാണെന്നും ഓർമിപ്പിക്കുന്നു.

Thomson Jose IPS
District Police Chief

To : എല്ലാ ഓഫീസർമാർക്കും കർശനമായി പാലിക്കുന്നതിലേക്കായി